# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 15833/AD A3/4/2020/ADMIN തീയതി, 25.04.2020

സംസ്ഥാനത്ത് കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി, സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ശമ്പളം വാങ്ങുന്ന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മൊത്തം മാസശമ്പളത്തിൽ നിന്നും, 6 ദിവസത്തെ വീതം (അലവൻസ് അടക്കമുള്ള മൊത്ത മാസ ശമ്പളം X 6 / ബന്ധപ്പെട്ട മാസത്തിലെ ദിവസങ്ങളുടെ എണ്ണം), ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള അഞ്ചു മാസം വിതരണം ചെയ്യാതെ മാറ്റിവയ്ക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച **സ.ഉ.(അച്ചടി) നം. 46/2020/ധന. തീയതി, 23.04.2020** ഉത്തരവ്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR 1 (ADMIN)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യു.എ.സി.
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി എ8/എഡി എ10/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #1 of File 15833/AD A3-4/2020/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 25-Apr-2020 09:57 AM - Page 1

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - കോവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിൽ ഒരു ഭാഗം താൽക്കാലികമായി മാറ്റിവെച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (രഹസ്യ ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.46/2020/ധന.** **തിരുവനന്തപുരം, തീയതി,23.04.2020.**

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കൊവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിർദേശമനുസരിച്ച് ലോക്ക് ഡൗൺ അടക്കമുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചുവരികയാണ്. സാമ്പത്തിക മാന്ദ്യത്തിൽപ്പെട്ട് ഉഴലുകയായിരുന്ന സമ്പദ് വ്യവസ്ഥയെ അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെട്ട കൊവിഡ് പകർച്ചവ്യാധി പരിപൂർണമായി നിശ്ചലമാക്കിയിരിക്കുന്നു. പരമ്പരാഗത, കാർഷിക,വ്യാവസായിക,അസംഘടിത മേഖലകളിലടക്കം ഉടലെടുത്ത തൊഴിൽ സ്തംഭനം സാധാരണ ജനജീവിതം അസാധ്യമാക്കിയിരിക്കുന്നു.കൊവിഡ് മഹാമാരി സാമ്പത്തിക മേഖലയിൽ ഏൽപ്പിച്ച കനത്ത ആഘാതത്തിൻറെ ഫലമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരുമാനത്തിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ഇടിവാണ് ദൃശ്യമായിട്ടുള്ളത്. പല സംസ്ഥാനങ്ങളും റവന്യൂ ചെലവ് ഉൾക്കൊള്ളുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിന്റെ നിശ്ചിത ശതമാനം മാറ്റിവെച്ച സ്ഥിതിയുണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം ദൈനംദിന ചെലവുകൾക്ക് പോലും പരിമിതമായ വായ്പാ സൗകര്യത്തെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. സർക്കാർ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്ന ഈ പശ്ചാത്തലത്തിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റി സാധാരണ ജനജീവിതം ഉറപ്പുവരുത്തേണ്ടതുണ്ട്. ധനദൃഢീകരണത്തിലൂടെ മേൽ ലക്ഷ്യം കൈവരിക്കുവാനായി ചുവടെച്ചേർക്കുന്ന നടപടികൾ ഉടൻ പ്രാബല്യത്തിൽ സ്വീകരിച്ച് ഉത്തരവാകുന്നു.:

1. സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ശമ്പളം വാങ്ങുന്ന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും (എയ്ഡഡ് മേഖലയിലെ ഉൾപ്പടെ) മൊത്തം മാസശമ്പളത്തിൽ നിന്നും, ആറു ദിവസത്തെ വീതം (അലവൻസ് അടക്കമുള്ള മൊത്ത മാസ ശമ്പളം X 6 / ബന്ധപ്പെട്ട മാസത്തിലെ ദിവസങ്ങളുടെ എണ്ണം) , ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള അഞ്ചു മാസം വിതരണം ചെയ്യാതെ മാറ്റിവയ്ക്കേണ്ടതാണ്.

2. മേൽ പറഞ്ഞ വിഭാഗത്തിൽ, 20,000 രൂപ വരെ മൊത്ത ശമ്പളമുള്ള (Gross) പാർട്ടൈം കാഷ്വൽ സ്വീപ്പർമാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, ദിവസ വേതന / താൽക്കാലിക/കൺസോളിഡേറ്റഡ് പേ വാങ്ങുന്ന ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർക്ക് മേൽ ഉത്തരവ് ബാധകമല്ല.

3. പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, ക്ഷേമ നിധി ബോർഡുകൾ, വിവിധ കമ്മീഷനുകൾ, സംസ്ഥാന സർക്കാരിന് കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കും മേൽ ഉത്തരവ് ബാധകമാണ്.

4. ഇവരിൽ സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം കൈപ്പറ്റാത്ത ജീവനക്കാരുടെ/അംഗങ്ങളുടെ ഇപ്രകാരം മാറ്റി വയ്ക്കപ്പെടുന്ന ശമ്പളം/വേതനം/ ഹോണറേറിയം ബന്ധപ്പെട്ട സ്ഥാപനങ്ങൾ ട്രഷറിയിൽ പ്രത്യേക സ്പെഷ്യൽ ട്രഷറി സേവിങ്സ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇക്കാര്യത്തിനായി സ്ഥാപനങ്ങൾ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിങ്സ് അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല .

5. മന്ത്രിമാർ, എം.എൽ.എമാർ, ബോർഡ് അംഗങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ , വിവിധ കമ്മീഷനുകളിലെ അംഗങ്ങൾ എന്നിവരുടെ പ്രതിമാസ മൊത്ത ശമ്പളം / ഹോണറേറിയം (അലവൻസ് അടക്കമുള്ള ) 30 ശതമാനം വീതം ഒരു വർഷത്തേയ്ക്ക് കുറവു ചെയ്യുന്നതാണ്.

6. കൊവിഡിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ശമ്പളം ഇതിനകം സംഭാവന ചെയ്ത ജീവനക്കാർക്കും മേൽ ഉത്തരവ് ബാധകമല്ല.

7. നിലവിൽ ഉപജിവന ബത്ത വാങ്ങുന്ന ജിവനക്കാരെ താത്കാലികമായി ഇതിൽ നിന്നൊഴിവാക്കുന്നു. എന്നാൽ സസ്പെൻഷൻ കഴിഞ്ഞ് സേവനം ക്രമീകരിക്കുന്ന മുറക്ക് ഈ തുക ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നതാണ്

മറ്റ് വ്യയ നിയന്ത്രണ നടപടികൾ സംബന്ധിച്ച ഉത്തരവുകൾ പിന്നീട് പുറപ്പെടുവിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രാജേഷ് കുമാർ സിംഗ് ,**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചി / കോഴിക്കോട് / മഹാത്മ ഗാന്ധി / കണ്ണൂർ / കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/ മലയാളം സർവ്വകലാശാല/ ആരോഗ്യ സർവ്വകലാശാല/ സാങ്കേതിക സർവ്വകലാശാല.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും,
ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ,
ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ